**പതിനാലാം കേരള നിയമസഭ**

**പത്താം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 903** **05.03.2018-ൽ മറുപടിക്ക്**

**<u>പുനലൂർ-പൊൻകുന്നം റോഡിന്റെ നിർമ്മാണം</u>**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ** | **ശ്രീ.ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) കെ.എസ്.ടി.പി. രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള പുനലൂർ-പൊൻകുന്നം റോഡിന്റെ നിർമ്മാണം ഏത് ഘട്ടത്തിലാണ്; | (എ) കെ.എസ്.ടി.പി. രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള പുനലൂർ-പൊൻകുന്നം റോഡ് നിർമ്മാണം പൊതു സ്വകാര്യ പങ്കാളിത്തത്തോടെ നടപ്പിലാക്കുന്നതിനാണ് നിശ്ചയിച്ചിരിക്കുന്നത്. എന്നാൽ പൊതു സ്വകാര്യ പങ്കാളിത്തത്തോടെ നടപ്പിലാക്കാൻ കാലതാമസം നേരിടുമെന്നും വായ്പാ കാലാവധിയായ 2019 ഏപ്രിലിൽ തീർക്കുവാൻ പ്രയാസമാണെന്നും മറ്റുമുള്ള കാരണത്താൽ ലോകബാങ്ക് അനുമതി നൽകിയില്ല. അതിനുപകരമായി മറ്റ് നിർമ്മാണ രീതികൾ അവലംബിക്കാൻ ലോകബാങ്ക് അഭിപ്രായപ്പെട്ടതനുസരിച്ച് EPC രീതിയിൽ നിർമ്മാണം നടത്തുന്നതിന് സ്റ്റിയറിംഗ് കമ്മിറ്റി അംഗീകാരം നൽകിയിട്ടുണ്ട്. ഡിസൈൻ അപ്ഡേറ്റ് ചെയ്യുന്നതിനും, DPR റിവൈസ് ചെയ്യുന്നതിനുമായി M/s L&T Infra Engg. എന്ന കൺസൾട്ടൻസിയെ ഏൽപ്പിച്ചിട്ടുണ്ട്. പ്രവൃത്തികൾ നടന്നു വരുന്നു. |
| (ബി) പ്രസ്തുത പ്രവൃത്തിയുടെ അടങ്കൽ എത്രയാണെന്നും പ്രവൃത്തി എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്നും വ്യക്തമാക്കുമോ? | (ബി) പ്രസ്തുത പദ്ധതിയുടെ അടങ്കൽ 610 കോടി രൂപയാണ്. കെ.എസ്.ടി.പി പദ്ധതികളുടെ ലോൺ കാലാവധി 2019 ഏപ്രിൽ ആണ്. ലോൺ കാലാവധി ഒരു വർഷം നീട്ടിക്കിട്ടുന്ന കാര്യത്തിൽ തീരുമാനമായിട്ടുണ്ട്. ഈ സർക്കാരിന്റെ തുടർച്ചയായ ഇടപെടലിന്റെ ഫലമായാണ് ഏതാണ്ട് നഷ്ടപ്പെട്ടുമായിരുന്ന ഈ പദ്ധതിക്ക് ജീവൻ വെച്ചത്. കഴിഞ്ഞ സർക്കാരിന്റെ കാലത്താണ് ഈ പ്രവൃത്തി നഷ്ടപ്പെടാൻ വഴിയൊരുങ്ങിയത്. |

S. Bindu

സെക്ഷൻ ഓഫീസർ